"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

പൊതുഭരണ വകുപ്പ് - ജീവനക്കാര്യം - കേരള മീഡിയ അക്കാദമിയിൽ അന്യത്ര സേവനവ്യവസ്ഥയിൽ സെക്രട്ടറി തസ്തികയിൽ സേവനമനുഷ്ഠിക്കുന്ന വിവരപൊതുജന സമ്പർക്ക വകുപ്പിലെ ഡെപ്യൂട്ടി ഡയറക്ടർ ശ്രീ. അനിൽ ഭാസ്കർ - ന്റെ അന്യത്രസേവന കാലാവധി ദീർഘിപ്പിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**പൊതുഭരണ (സ്പെഷ്യൽ -ഇ) വകുപ്പ്**

സ.ഉ.(സാധാ) നം.4827/2024/GAD തീയതി,തിരുവനന്തപുരം, 30-10-2024

---

പരാമർശം:- 1. 27.09.2023 - ലെ സ.ഉ. (സാധാ) നം. 4404/2023/പൊഭവ.

2. 06.10.2023 - ലെ സ.ഉ. (സാധാ) നം. 4525/2023/പൊഭവ.

3. ശ്രീ. അനിൽ ഭാസ്കർ സമർപ്പിച്ച 31.08.2024 - ലെ നിവേദനം

**ഉത്തരവ്**

പരാമർശം (1) , (2) ഉത്തരവ് പ്രകാരം കേരള മീഡിയ അക്കാദമി സെക്രട്ടറി തസ്തികയിൽ അന്യത്രസേവന വ്യവസ്ഥയിൽ നിയമിച്ച വിവര പൊതുജന സമ്പർക്ക വകുപ്പ് ഡെപ്യൂട്ടി ഡയറക്ടറായ ശ്രീ. അനിൽ ഭാസ്കർ -ന്റെ അന്യത്രസേവന കാലാവധി 08/10/2024 -ൽ അവസാനിക്കുന്നതിനാൽ ടിയാന്റെ അന്യത്രസേവന കാലാവധി 09.10.2024 മുതൽ ഒരു വർഷത്തേയ്ക്ക് കൂടി ദീർഘിപ്പിക്കുന്നതിനുള്ള ശിപാർശ നടപടി വിവര പൊതുജന സമ്പർക്ക വകുപ്പ് സമർപ്പിച്ചിരുന്നു.

സർക്കാർ ഇക്കാര്യം പരിശോധിച്ചു. കേരള മീഡിയ അക്കാദമി സെക്രട്ടറി തസ്തികയിൽ അന്യത്രസേവന സേവനമനുഷ്ഠിക്കുന്ന വിവരപൊതുജന സമ്പർക്ക വകുപ്പിലെ ഡെപ്യൂട്ടി ഡയറക്ടറായ ശ്രീ. അനിൽ ഭാസ്കർ - ന്റെ പ്രസ്തുത തസ്തികയിലെ അന്യത്രസേവന കാലാവധി കെ.എസ്.ആർ ഭാഗം-1, ചട്ടം - 140 (സി) - യിലെ വ്യവസ്ഥകൾക്കു വിധേയമായി, 09.10.2024 മുതൽ ഒരു വർഷത്തേയ്ക്ക് കൂടി (2-ാം വർഷം) ദീർഘിപ്പിച്ചു നൽകുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
സുധ .ബി
ജോയിന്റ് സെക്രട്ടറി

ഡയറക്ടർ, വിവര പൊതുജന സമ്പർക്ക വകുപ്പ്, തിരുവനന്തപുരം

ശ്രീ. അനിൽ ഭാസ്കർ, ഡെപ്യൂട്ടി ഡയറക്ടർ, വിവര പൊതുജന സമ്പർക്ക വകുപ്പ് (വിവര പൊതുജന സമ്പർക്ക വകുപ്പ് മുഖേന)

സെക്രട്ടറി, കേരള മീഡിയ അക്കാഡമി, കാക്കനാട്, എറണാകുളം

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്)/(എ&ഇ), കേരള, തിരുവനന്തപുരം
സബ്ട്രഷറി ഓഫീസർ, എറണാകുളം
വെബ് & ന്യൂമീഡിയ, വിവര പൊതുജന സമ്പർക്ക വകുപ്പ്
കരുതൽ ഫയൽ / ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by
Binu Kumar N S
Date: 30-10-2024 16:50:49
സെക്ഷൻ ഓഫീസർ